(ഡി) ഈ പദ്ധതിപ്രകാരം നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, മഞ്ഞൾ, ഇഞ്ചി എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു.

(ഇ) ഈ പദ്ധതിപ്രകാരം നാളിതുവരെയ്ക്കും 19,648 കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയുണ്ടായി.

(എഫ്) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ടി ബാങ്കുകൾ/സഹകരണ സംഘങ്ങൾ എന്നിവ മുഖേന കാർഷിക വായ്പയെടുക്കുന്ന കർഷകർ നിർബന്ധമായും മറ്റുകർഷകർ സ്വന്തം താൽപര്യ പ്രകാരവും അംഗങ്ങളാകാവുന്നതാണ്. വായ്പ എടുക്കുന്ന കർഷകൻ വായ്പ തുകയ്ക്ക് തുല്യമായ തുകയ്ക്കോ, കുറഞ്ഞ നിരക്കിലുള്ള പ്രീമിയം നൽകി വിളയുടെ ശരാശരി വിലയ്ക്ക് തുല്യമായ വിലയ്ക്കോ, ഈ തുകയ്ക്കുമീതെ, അധികനിരക്കിലുള്ള പ്രീമിയം നൽകി വിളയുടെ ഒന്നര ഇരട്ടിയുടെ മൂല്യത്തിനു തുല്യമായ തുകവരെയോ ഇൻഷ്വർ ചെയ്യാവുന്നതാണ്. ഈ പദ്ധതിയിൻ കീഴിൽ ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയത്തിന്റെ നിശ്ചിത ശതമാനം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നു. വിളയുടെ നഷ്ടപരിഹാരം വിളവെടുപ്പിന്റെ തോതനുസരിച്ചാണ് നൽകുന്നത്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു നടത്തുന്ന ക്രോപ്പ് കട്ടിംഗ് സർവ്വെ അനുസരിച്ചാണ് വിളവെടുപ്പിന്റെ കണക്ക് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന വിളയുടെ കണക്ക് ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉൽപാദനത്തിലുള്ള കുറവും, കർഷകർ അവരുടെ വിള ഇൻഷ്വർ ചെയ്തിരിക്കുന്ന തുകയും അനുസരിച്ച് നഷ്ട പരിഹാരം നൽകുന്നു.

വിവിധ വിളകൾക്ക് നൽകിയ ധനസഹായം

57 [2920] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിളകൾക്ക് ധനസഹായം/സബ്സിഡി അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ഓരോ വിളകൾക്ക് എന്തുതുക വീതം ധനസഹായം/സബ്സിഡി നൽകി എന്ന് വർഷവും ഇനവും തിരിച്ച് വെളിപ്പെടുത്തുമോ;

(സി) വാനില, റബ്ബർ കൃഷികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക സഹായധനം നൽകി എന്ന് തരം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) 10 ലക്ഷം രൂപയിൽ കൂടുതൽ സഹായധനം ലഭിച്ചവർ ആരെല്ലാമാണെന്നും എത്ര തുക വീതം ഏതെല്ലാം വിളകൾക്കെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിളകൾക്ക് നൽകിയ ധനസഹായം/ സബ്സിഡി സംബന്ധിച്ച വിശദാംശംങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) വാനില കൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം 2002-2003-ൽ 15 ലക്ഷം രൂപയും സർക്കാർ ഫാമുകളിൽ ഗുണമേന്മയുള്ള വാനിലതൈകൾ ഉണ്ടാക്കുന്നതിന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകൾക്കു നൽകി. ഇതേ ജില്ലകൾക്കു 2003-2004-ൽ 10 ലക്ഷം രൂപയും നൽകി. 2002 ഫെബ്രുവരി മാസത്തിൽ സർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജു പദ്ധതി പ്രകാരം റബ്ബർ സംഭരണത്തിനായി 7.21166 കോടി രൂപ വിവിധ സംഭരണ വിപണന ഏജൻസികൾക്കു നൽകുകയുണ്ടായി.

(ഡി) കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെൽകൃഷി ആദായകരമാക്കാൻ നടപടി

58 [2921] ശ്രീ. കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ആദായകരമാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(ബി) യന്ത്രവൽക്കരണത്തിന്റെ സഹായമില്ലാതെ നെൽകൃഷി നടത്തുന്ന ചെറുകിട കർഷകർക്ക് ഏക്കറൊന്നിന് എത്ര കർഷകത്തൊഴിലാളികളെ നിയോഗിക്കേണ്ടിവരുമെന്ന് അറിയിക്കാമോ;

(സി) കർഷകത്തൊഴിലാളികൾക്ക് സംസ്ഥാനത്ത് നിലവിലിരിക്കുന്ന അംഗീകൃത കൂലി നിരക്ക് എത്രയെന്ന് അറിയിക്കാമോ;

(ഡി) കേരളത്തിലെ എല്ലാ പാടശേഖരങ്ങളിലും തൊഴിൽ സമയവും കൂലിനിരക്കും ഒരേപോലെയാണോ;

(ഇ) ട്രാക്ടറും മെതിയന്ത്രവും പ്രായോഗികമല്ലാത്ത പാടശേഖരങ്ങളിലെ നെൽകർഷകർക്ക് കർഷക തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി കൂലിച്ചെലവിന്റെ പകുതി സബ്സിഡിയായി നൽകുമോ;

(എഫ്) നെൽകൃഷി മാത്രം ജീവിതോപാധിയായിട്ടുള്ള കർഷകർക്ക് പ്രോത്സാഹനമായി ക്ഷേമപദ്ധതി ആരംഭിക്കാനും ഇതര ആനുകൂല്യങ്ങൾ അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly